"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം- കിളിമാന്നൂർ, എം ജി എം പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം വിദ്യാർത്ഥിയായ ശ്രീ. അഫ്സൽ എസ്സ് - ഡിപ്ലോമ പരീക്ഷ എഴുതുന്നതിന് സ്ക്രൈബ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.373/2026/HEDN തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 16.02.2011 തീയതിയിലെ GO(MS).22/2011/HEDN.
2. 22.08.2023 തീയതിയിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ C2/13506/22/DTE നമ്പർ പരിപത്രം.
3. ശ്രീ അഫ്സൽ എസ് ന്റെ 04-03-2026 തീയതിയിലെ അപേക്ഷ.
4. എം ജി എം പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിന്റെ 06-03-2026 തീയതിയിലെ C/33/2026/MGMPTC നമ്പർ കത്ത്.
5. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 11-03-2026 തീയതിയിലെ DTETVM/2093/2026-C2 (ACA) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാങ്കേതിക പരീക്ഷാ കണ്ട്രോളർ നടത്തുന്ന പരീക്ഷകൾക്ക് Permanent Disability ഉള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പരീക്ഷാ ആനുകൂല്യം അനുവദിച്ച് നൽകുന്നുണ്ട്. താൽക്കാലിക ഡിസബിലിറ്റിയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനു സ്ക്രൈബ് അനുവദിക്കുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകൾ ഇല്ല. കിളിമാന്നൂർ, എം.ജി.എം പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിങ് വിഭാഗം ആറാം സെമിസ്റ്റർ വിദ്യാർത്ഥിയായ ശ്രീ. അഫ്സൽ എസ്സ് നു (രജി. നം. 2301024303) വാഹന അപകടത്തെ തുടർന്നു വലതു കൈയ്ക്ക് പരിക്കേൽക്കുകയും കൈ വിരൽ രണ്ടിനും പൊട്ടൽ സംഭവിക്കുകയും വിരലിലെ ഞരമ്പുകൾക്കു സംഭവിച്ച ക്ഷതം കാരണം ചികിത്സയിൽ തുടരുന്ന സാഹചര്യമാണെന്നും ടി വിദ്യാർത്ഥിക്ക് മാർച്ച് -ഏപ്രിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷ സ്വയം എഴുതുന്നതിന് സാധ്യമല്ല എന്നതിനാൽ സ്ക്രൈബ് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാരം വിശദമായി പരിശോധിച്ചു.ശ്രീ. അഫ്സൽ എസ്സ് എല്ലാ സെമസ്റ്റർ പരീക്ഷകളും പാസ്സായിട്ടുണ്ട് എന്നതും, നിലവിലെ അവസ്ഥയിൽ ടിയാന് അവസാന വർഷ ബോർഡ് പരീക്ഷകൾ സ്വയം എഴുതുവാൻ സാധിക്കില്ല എന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിലും

അവസാന വർഷ ബോർഡ് പരീക്ഷകൾ നഷ്ടപെടുന്ന പക്ഷം ടിയാന്റെ ഗ്രേഡുകളെ ബാധിക്കും എന്ന ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് മാർച്ച് - ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന ഡിപ്ലോമ പരീക്ഷകളിൽ ശ്രീ.അഫ്സലിന് സ്ക്രൈബിനെ അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകുന്നു. ഇപ്രകാരം സ്ക്രൈബിനെ അനുവദിക്കുമ്പോൾ, നിലവിലുള്ള ഉത്തരവുകൾ പ്രകാരം ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് സ്ക്രൈബിനെ അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ശ്രീ.അഫ്സലിന്റെ കാര്യത്തിലും പാലിക്കുന്നുണ്ട് എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by Geetha Lekshmi. G
Date: 13-03-2026 17:07:49
സെക്ഷൻ ഓഫീസർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, എം ജി എം പോളിടെക്നിക് കോളേജ് കിളിമാനൂർ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി